# പതിമൂന്നാം കേരള നിയമസഭ

## പത്താം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.1107 20.01.2014 -ലെ മറുപടിക്ക്.**

**സർക്കാർ ഹയർ സെക്കൻഡറി സ്കൂളുകളിലെ അടിസ്ഥാന സൗകര്യങ്ങളുടെ അപര്യാപ്തത**

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. ഇ. കെ. വിജയൻ | ശ്രീ. പി. കെ. അബ്ദുറബ്ബ്. (ബഹു:വിദ്യാഭ്യാസ വകുപ്പുമന്ത്രി) |
| (എ) സർക്കാർ ഹയർ സെക്കണ്ടറി സ്കൂളുകളിലെ അടിസ്ഥാന സൗകര്യങ്ങളുടെ അപര്യാപ്തത ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) ഉണ്ട്. |
| (ബി) എങ്കിൽ പ്രസ്തുത അപര്യാപ്തത പരിഹരിക്കുന്നതിന് ഈ സർക്കാർ എന്തെല്ലാം പദ്ധതികളാണ് നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നത്; | (ബി) നടപ്പ് സാമ്പത്തിക വർഷം 39 സർക്കാർ ഹയർ സെക്കന്ററി സ്കൂളുകളിൽ 5600 ലക്ഷം രൂപ വിനിയോഗിച്ച് കെട്ടിടങ്ങൾ നിർമ്മിക്കുവാൻ ഭരണാനുമതി നൽകിയിട്ടുണ്ട്. 2014-15 സാമ്പത്തിക വർഷം 270 സർക്കാർ ഹയർ സെക്കന്ററി സ്കൂളുകളുടെ അടിസ്ഥാന സൗകര്യ വികസനം ലക്ഷ്യമിടുന്നു. |
| (സി) അടിസ്ഥാന സൗകര്യങ്ങൾ വികസിപ്പിക്കുന്നതിന് പ്ലാനിംഗ് കമ്മീഷൻ ഈ സാമ്പത്തിക വർഷം എത്ര തുക വകയിരുത്തിയിട്ടുണ്ട് എന്ന് വ്യക്തമാക്കുമോ? | (സി) സർക്കാർ ഹയർ സെക്കന്ററി സ്കൂളുകളുടെ അടിസ്ഥാന സൗകര്യവികസനത്തിന് 2013-14 സാമ്പത്തിക വർഷം 5600 ലക്ഷം രൂപ ബജറ്റിൽ വകയിരുത്തിയിട്ടുണ്ട്. |

സെക്ഷൻ ആഫീസർ